LIBRARY ARCHIVES Kerala Legislative Assembly

കോക്ലിയർ ഇംപ്ലാന്റേഷൻ-മാനദണ്ഡങ്ങൾ

330(1709) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സ സൗജന്യമായി നൽകുന്നതിന് കോഴിക്കോട് ജില്ലയിൽ അംഗീകാരമുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സൗജന്യ ചികിത്സ ലഭിക്കുന്നതിന് നിഷ്കർഷിക്കപ്പെട്ട മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ചുവടെപ്പറയുന്ന മൂന്ന് ആശുപത്രികളെയാണ് ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ എംപാനൽ ചെയ്തിട്ടുള്ളത്.

1. ഡോ. മനോജ്സ് ഇ.എൻ.റ്റി. സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്.
2. മിംസ് ആശുപത്രി, കോഴിക്കോട്.
3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.

(ബി) കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെപ്പറയുന്നവയാണ്:

1. 0-5 വയസ്സുവരെ പ്രായമുള്ള കുട്ടികളായിരിക്കണം.
2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ അധികരിക്കരുത്.
3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

അങ്കണവാടി കെട്ടിടത്തിനുള്ള ഫണ്ട്

331(1710) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബ്ലോക്കിന് കീഴിൽ നഗരൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, കിളിമാനൂർ,കരവാരം ഗ്രാമപഞ്ചായത്തുകളിലായി 2014 മാർച്ച് 31-ന് ശേഷം എതെല്ലാം അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ഫണ്ട് ലഭ്യമായിട്ടുണ്ടെന്നും ഫണ്ട് ലഭ്യമായത് എവിടെ നിന്നാണെന്നും വ്യക്തമാക്കാമോ;